

# ഇന്ത്യയുടെ ദേശീയ ഗെയിം ഹോക്കിയോ ക്രിക്കറ്റോ?

കെ. മുരളീധരൻ

**ഞാൻ ക്രിക്കറ്റിനോ ക്രിക്കറ്റ് കളിക്കാർക്കോ എതിരല്ല. എന്നാൽ ക്രിക്കറ്റു കളിക്കാർക്കും കളിയ്ക്കും കിട്ടുന്ന പ്രശസ്തിയും പണവും ശ്രദ്ധയും മറ്റു കളികൾക്കും കളിക്കാർക്കും കിട്ടുന്നില്ല എന്നു കാണുമ്പോൾ ഒരു സാധാരണക്കാരനു തോന്നാവുന്ന അസന്തുഷ്ടി മാത്രമേ എനിക്കുമുള്ളൂ.**

ഞാൻ ഒരു സ്പോർട്സ് പ്രേമിയല്ല. ഹോക്കിയുടേയോ ക്രിക്കറ്റിന്റെയോ ടെന്നീസിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും കായിക ഇനങ്ങളുടെയോ അന്ധമായ ആരാധകനല്ല. അതിനെക്കുറിച്ച് ആധികാരികമായി എന്തെങ്കിലും പറയാൻ അറിവില്ലാത്ത ഒരു സാധാരണക്കാരനുമാണ്. എന്നിരുന്നാലും, അന്തർദ്ദേശീയ തലത്തിൽ ഏതെങ്കിലും ഇനത്തിൽ ഇന്ത്യ ജയിച്ചിട്ട് ഭാരതത്തിന്റെ ദേശീയഗാനമാലപിക്കുന്നതും ദേശീയ പതാക ഉയരുന്നതും കാണുമ്പോൾ സന്തോഷവും അഭിമാനവും തോന്നാറുണ്ട്.

ഈയടുത്ത് ചൈനയിൽ നടന്ന പ്രഥമ മെൻസ് ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെന്റിൽ പരമ്പരാഗത വൈരികളായ പാക്കിസ്ഥാനെ തോൽപിച്ച് നമ്മുടെ ചുണക്കുട്ടന്മാരായ ഹോക്കി ടീമംഗങ്ങൾ ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കിയ വിവരം വായിച്ചപ്പോൾ വല്ലാത്ത ഒരഭിമാനവും ആഹ്ലാദവും തോന്നി. ഒരു സ്പോർട്സ് തൽപ്പരനല്ലാത്തതിനാൽ വായിച്ച ഉടനെതന്നെ മറന്നുപോകേണ്ട ഒരു വാർത്ത മാത്രമായിരുന്നു എനിക്കത്. എന്നാൽ നമ്മുടെ ടീം തിരിച്ചെത്തിയതിനു ശേഷമുണ്ടായ സംഭവങ്ങളും കോലാഹലങ്ങളുമാണ് ഈ മൽസരത്തെക്കുറിച്ച് കൂടുതൽ അറിയാനും ചിന്തിക്കാനും പ്രേരിപ്പിച്ചത്.

നിശ്ചിത സമയത്തിനും 15 മിനിട്ട് അധിക സമയത്തിനും പുറത്തേക്കു പോയ ഈ വാശിയേറിയ മത്സരത്തിന്റെ അന്തിമ ഫലം നിശ്ചയിച്ചത് ടൈ ബ്രേക്കറിലൂടെയായിരുന്നു. 4-2 എന്ന ഉജ്ജ്വല സ്കോറായിരുന്നു എന്നറിഞ്ഞപ്പോൾ ആ ക്ലിപ്പിംഗ് കാണുവാൻ ഞാനാഗ്രഹിച്ചു. ഏതെങ്കിലും ചാനൽ ഇത് എപ്പോഴെങ്കിലും വീണ്ടും കാണിക്കുമെന്നു കരുതി. എന്നാൽ ഒരു ചാനലിലും ആ ദൃശ്യം കാണിച്ചില്ല. വേൾഡ് കപ്പ് ക്രിക്കറ്റിന്റെ ഫൈനലിൽ മഹേന്ദ്രസിംഗ് ധോണി വിജയമുറപ്പിച്ച് അടിച്ച ആ



സിക്സർ, ദിവസങ്ങളോളം ഇന്ത്യയുടെ വേൾഡ് കപ്പ് വിജയം ഉൽസവമാക്കി മാറ്റിയ ചാനലുകൾ എത്ര തവണയാണ് കാണിച്ചുകൊണ്ടിരുന്നത്.

ഇന്ത്യയുടെ ഈ ചാമ്പ്യൻസ് ഹോക്കി വിജയത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ച യുവരാജ് വാൽമീകി എന്ന ഹോക്കി താരത്തിന്റെ ജീവിതപശ്ചാത്തലവും അവസ്ഥയും വായിച്ചപ്പോൾ അതിയായ ദുഖം തോന്നി. മകൻ വിജയിയായി തിരിച്ചെത്തിയിട്ടും അയൽവാസികൾക്ക് മധുരം പങ്കുവെക്കാൻ ആയിരം രൂപ കടം വാങ്ങേണ്ടി വന്ന ഒരച്ഛന്റെയും അമ്മയുടെയും അവസ്ഥ എത്ര പരിതാപകരമാണ്. ഈ വിജയത്തിനു ശേഷവും ഒരു സമ്മാനപ്പെരുമഴയും വാൽമീകിയെത്തേടി വന്നില്ല. ഹോക്കിയോടുള്ള ഈ കളിക്കാരന്റെ പ്രതിബദ്ധതയും ആത്മാർത്ഥതയും ഒന്നു മാത്രമാവും പ്രതികൂല ജീവിത സാഹചര്യത്തിൽ പോലും ഹോക്കിയിൽ തന്നെ ഉറച്ചു നിൽക്കുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാവുക.

ഞാൻ ക്രിക്കറ്റിനോ ക്രിക്കറ്റ് കളിക്കാർക്കോ എതിരല്ല. എന്നാൽ ക്രിക്കറ്റു കളിക്കാർക്കും കളിയ്ക്കും കിട്ടുന്ന പ്രശസ്തിയും പണവും ശ്രദ്ധയും മറ്റു കളികൾക്കും കളിക്കാർക്കും കിട്ടുന്നില്ല എന്നു കാണുമ്പോൾ ഒരു സാധാരണക്കാരനു തോന്നാവുന്ന അസന്തുഷ്ടി മാത്രമേ എനിക്കുമുള്ളൂ. ഇന്ത്യയിൽ പല കളികൾക്കും പ്രാദേശിക







# പാടുക

ആനപ്പുഴയ്ക്കൽ അനിൽ

പക്ഷീ, നീ പാടുക
ഹൃദയതാളത്തിനോടൊപ്പ-
മൊരു സ്നേഹഗാനത്തിൻ
ശീലുകൾ.
പുഷ്പം വിരിയും
മരത്തിന്റെ ചില്ലയിൽ
ഒട്ടുനേരം
ഇരുന്നു നീ പാടുക.
പൊങ്ങി നിറയട്ടെ
നീല വാനത്തിൽ, ആ
മുഗ്ദസംഗീതം
ലയിച്ചെന്റെ മാനസം
തൊട്ടുരുമ്മട്ടെ
പറക്കട്ടെ
കാറ്റിനാൽ
എത്തട്ടെ, ഏകട്ടെ
പാട്ടും ആഹ്ലാദവും.

ജനപ്രീതിയുണ്ട്. ഉദാഹരണത്തിന് ബംഗാൾ, ഗോവ, കേരളം എന്നിവിടങ്ങളിൽ ഫുട്ബാൾ കൂടുതൽ ജനപ്രിയമാണ്. ഹോക്കിക്ക് ഈ സംസ്ഥാനങ്ങളിൽ ഫുട്ബോളിനോളം ജനപ്രീതി ഇല്ല. എന്നാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളായ പഞ്ചാബ്, ഹരിയാന, ഡൽഹി എന്നിവിടങ്ങളിൽ ഹോക്കി ജീവവായുവാണ്. ഇവിടെ ഫുട്ബോളിനോ, വോളിബോളിനോ, മറ്റു കളികൾക്കോ ജനപിന്തുണ അധികമില്ല. എന്നാൽ ക്രിക്കറ്റ് ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും അങ്ങേയറ്റം ജനപ്രിയമാണ്.

ഈ പ്രശസ്തിയും പിന്തുണയും ക്രിക്കറ്റിന് നേടിയെടുക്കാൻ കഴിഞ്ഞത് 1983 ൽ ഇന്ത്യ വേൾഡ് കപ്പ് നേടിയതിനുശേഷമാണ്. 1983 നു ശേഷം നമ്മുടെ കളിക്കാരായ ഗവാസ്കർ, കപിൽദേവ്, സച്ചിൻ തെണ്ടുൽക്കർ എന്നിവർ എത്രയെത്ര റെക്കോർഡുകളാണ് തകർത്തത്. ഇവരുടെയെല്ലാം ഉജ്ജ്വല പ്രകടനങ്ങൾ വഴി മാധ്യമശ്രദ്ധ ക്രിക്കറ്റിൽ പതിഞ്ഞു. ക്രിക്കറ്റ്, സ്പോർട്സ് പ്രേമികൾക്ക് ലഹരി പോലെ ഒരു ദുഃശ്ശീലമായി മാറി. അന്തർദ്ദേശീയ മത്സരങ്ങൾ നടക്കുമ്പോൾ ഓഫീസുകളിൽ ജീവനക്കാർ കുറയുന്നു, വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ഹാജർ കുറയുന്നു. ഒരുതരം പൊങ്ങച്ചമോ ഫാഷൻ പോലെയോ ഇത് സമൂഹത്തിൽ പടരുന്നു. 11 പേരടങ്ങുന്ന ക്രിക്കറ്റ് ടീം അംഗങ്ങളുടെയും, അവർക്കു മുമ്പേ അംഗങ്ങളായിരുന്നവരുടെയും, കോച്ചുകളുടെയുമെല്ലാം പേരുകൾ കൊച്ചുകുട്ടികൾക്കു പോലും കാണാപ്പാഠമാണ്.

എന്നാൽ നമ്മുടെ ദേശീയ ഗെയിമായ ഹോക്കിയുടെ അവസ്ഥയോ. 1980 ലെ മോസ്കോ ഒളിംപിക് വിജയത്തിനു ശേഷം ഇന്ത്യൻ ഹോക്കിക്ക് ഏഷ്യൻ തലത്തിലേക്കപ്പുറം പോകാനും പഴയ പ്രഭാവം നിലനിർത്തിക്കൊണ്ടു പോകാനും കഴിഞ്ഞിട്ടില്ല. പർഗത് സിംഗിനേയോ ധൻരാജ് പിള്ളയെയൊ പോലെയുള്ള ഹോക്കി മാന്ത്രികരെ മറന്നിട്ടല്ല. എന്നാൽ ടീം എന്ന നിലയിൽ ലോകത്തിലെ ഒരു മികച്ച ടീമായി മാറുവാൻ ഹോക്കി ടീമിനു സാധിച്ചിട്ടില്ല.

ഹോക്കി നമ്മുടെ ദേശീയ ഗെയിമാണ് എന്നു പറയപ്പെടുന്നുണ്ടെങ്കിലും ആ കളിയെ ജനപ്രിയമാക്കുന്നതിനോ കളിക്കാർക്കു വേണ്ട ഏറ്റവും കുറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ വേണ്ടിയുള്ള നടപടികൾ സ്പോർട്സ് മന്ത്രാലയമോ, ഹോക്കി ഫെഡറേഷനോ കൈക്കൊള്ളുന്നില്ല. ധാരാളം മത്സരങ്ങളിൽ ഹോക്കി ടീം കളിക്കുകയും, വിജയിക്കുകയും വേണം. എങ്കിൽ മാത്രമേ സ്പോൺസർമാരും മാധ്യമങ്ങളും ഈ കളിയേയും കളിക്കാരേയും ശ്രദ്ധിക്കുകയും, കളിക്കാരുടെ വരുമാനം ഉയരുകയുമുള്ളൂ. കളിക്കാർക്ക് കൂടുതൽ സൗകര്യങ്ങളും, വരുമാനവും ലഭിക്കുകയാണെങ്കിൽ മാത്രമേ, പുതിയ കളിക്കാർ ഈ രംഗത്തേക്ക് കടന്നു വരികയുള്ളൂ. എന്നാലേ ഹോക്കി ഏറ്റവും ജനപ്രിയമായ കളിയായി, ഒരു സമ്പൂർണ്ണ ദേശീയ ഗെയിമായി ഇന്ത്യയിൽ മാറുകയുള്ളൂ. ക്രിക്കറ്റ് കളിക്കാർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പണത്തിനും പ്രശസ്തിക്കും കാരണം ഒരു വലിയ അളവുവരെ ബി.സി.സി.ഐ. എന്ന ക്രിക്കറ്റ് സംഘടനയുടെ മികച്ച സംഘടനാപാടവമാണ്.

ഇന്ത്യൻ ഹോക്കിക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന മാധ്യമപിന്തുണയും ജനശ്രദ്ധയും നിലനിർത്തിക്കൊണ്ടു പോകാൻ ഹോക്കി ഫെഡറേഷനും സ്പോർട്സ് മന്ത്രാലയവും ശ്രമിക്കേണ്ടതുണ്ട്. ഇതിലൂടെ ലഭിക്കാവുന്ന എല്ലാ നേട്ടങ്ങളും ഹോക്കിയുടെ വളർച്ചക്ക് വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. ഹോക്കി ഒളിംപിക്സിൽ ഉൾപ്പെടുത്തിയതിനു ശേഷം തുടർച്ചയായുള്ള കിരീടങ്ങളും മെഡലുകളുമെല്ലാം ഭാരതത്തിനായിരുന്നു. എട്ടു സ്വർണ്ണ മെഡലുകളും, ഒരു വെള്ളിയും, രണ്ട് വെങ്കലവും ഇന്ത്യ കരസ്ഥമാക്കിയിട്ടുണ്ട്. അതുപോലൊരു സുവർണ്ണ കാലഘട്ടത്തിലേക്ക് ടീം ഇന്ത്യയെ മടക്കി എത്തിയ്ക്കണ്ടേ?

വിപരീത പരിതസ്ഥിതികളിൽ പോലും വിജയത്തിന്റെ പടവുകൾ കയറി എത്തിയ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ജേതാക്കൾക്കും, കോച്ചുകൾക്കും, മറ്റ് അണിയറ ശിൽപികൾക്കും എല്ലാ അനുമോദനങ്ങളും നന്മയും ആശംസിക്കുന്നു. ഇന്ത്യൻ ഹോക്കി വീണ്ടും പഴയ പ്രതാപത്തിലേക്ക് തിരിച്ചു വരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, ജയ് ഹിന്ദ്.